യു.പി

കൂട

സർഗാത്മക രചന

പ്രവർത്തനം 1

# ഹൃദയം തൊട്ട ദൂരം

TOKYO 2020



ഇത്തവണത്തെ ടോക്യോ ഒളിമ്പിക്സ് നിങ്ങൾ ശ്രദ്ധിച്ചുണ്ടാകുമല്ലോ? കോവിഡ് പ്രതിസന്ധികളെ അതിജീവിച്ച് കായികലോകം തീർത്ത മാസ്മരികതയിൽ ഇന്ത്യയും പങ്കെടുത്ത് അഭിമാനകരമായ വിജയങ്ങൾ നേടി.

ഒളിമ്പിക്സിന്റെ ആരവങ്ങൾ ഏറെക്കുറെ അവസാനിച്ചെന്നു നാം കരുതുമ്പോഴും ചില സംഭവങ്ങൾ നമ്മെ ഒളിമ്പിക്സിനേക്കാൾ അത്ഭുതപ്പെടുത്തുന്നു. വനിതകളുടെ ജാവലിൻ ത്രോയിൽ വെള്ളി മെഡൽ നേടിയത് , പോളണ്ടുകാരിയായ **മരിയ ആൻഡ്രെജിക്** ആണ്.

ഈ പ്രവർത്തനത്തിന്റെ വിശദീകരണ വീഡിയോ കാണാം



അറിയാം നിറയാം ഉയരാം

യുറീക്ക-ശാസ്ത്രകേരളം വിജ്ഞാനോത്സവം



# യു.പി

## കൂട

### സർഗാത്മക രചന



## പ്രവർത്തനം 1

വെള്ളിമെഡൽ നേടി അവർ നാട്ടിലെത്തിയപ്പോഴാണ് ഫ്രഞ്ചുകാരനായ മിലോസെക് എന്ന കുട്ടിക്ക് ഹൃദയ ശസ്ത്രക്രിയയ്ക്കായി 1,25,000 ഡോളർ ആവശ്യമുണ്ടെന്ന വാർത്തയറിഞ്ഞത്. താൻ ഇതുവരെ കാണാത്ത 8 മാസം മാത്രം പ്രായമായ അവൻ അമേരിക്കയിലെ സ്റ്റാൻഫോർഡ് ഹോസ്പിറ്റലിൽ ചികിത്സയിലാണ്. അവനെ സഹായിക്കാൻ മരിയ ആൻഡ്രെജിച്ച് തന്റെ ഒളിമ്പിക്സ് വെള്ളി മെഡൽ ലേലത്തിന് വെച്ചു. കുഞ്ഞിന്റെ ചികിത്സയ്ക്കാവശ്യമായ തുകയുടെ പകുതി തുകയ്ക്ക് സൂപ്പർ മാർക്കറ്റ് ശൃംഖലയായ 'സബ്ക പോൾസ്ക' ആ മെഡൽ ലേലത്തിലെടുത്തു. അവർ തുക ഉടൻ തന്നെ കുട്ടിക്ക് കൈമാറി.

*"ഇക്കാര്യത്തിൽ ശരിയായ തീരുമാനമാണ് ഞാൻ എടുത്തത് കൂടുതൽ ആലോചിക്കാൻ ഒന്നുമില്ലായിരുന്നു."*

അറിയാം
നിറയാം
ഉയരാം

യുറീക്ക-ശാസ്ത്രകേരളം
വിജ്ഞാനോത്സവം

## യു.പി

## കൂട

സർഗാത്മക രചന

## പ്രവർത്തനം 1

മരിയ ആൻഡ്രേജിച്ച് സമൂഹമാധ്യമങ്ങളിൽ കുറിച്ചു. 2016-ലെ ഒളിമ്പിക്സിൽ മൂന്ന് സെന്റീമീറ്ററിനായിരുന്നു അവർക്ക് മെഡൽ നഷ്ടപ്പെട്ടത്. 2018 ൽ അവർക്ക് കാൻസർ ബാധിച്ചു. കാൻസറിനേയും കോവിഡിനേയും അതിജീവിച്ചാണവർ ടോക്കിയോയിൽ ആ മെഡൽ നേടിയത്. എല്ലാവരേയും അത്ഭുതപ്പെടുത്തി 'സബ്ക പോൾസ്ക' കമ്പനി ആ മെഡൽ മരിയ ആൻഡ്രേജിക്കിനു തന്നെ തിരിച്ചു നൽകി.

**മരിയ ആൻഡ്രേജിക്കിനെ അഭിനന്ദിക്കാനുള്ള യോഗത്തിൽ നിങ്ങളെ ക്ഷണിച്ചു എന്നു കരുതുക. നിങ്ങൾ എന്തായിരിക്കും പറയുക? നിങ്ങൾ അവതരിപ്പിക്കുന്ന പ്രഭാഷണം ഒന്നെഴുതി തയ്യാറാക്കൂ. പ്രഭാഷണം അവതരിപ്പിച്ച് ഓഡിയോ കൂടി തയ്യാറാക്കണം.**




അറിയാം നിറയാം ഉയരാം

യുറീക്ക-ശാസ്ത്രകേരളം

വിജ്ഞാനോത്സവം